**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - സുൽത്താൻ ബത്തേരി നഗരസഭയിൽ പ്രൊവിഷണൽ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ.എം. സൈനുദ്ദീൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) No. 116/2024 നമ്പർ കേസിന്മേലുള്ള 29/01/2024 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1183/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:-

1. 08.11.2022തീയതിയിലെ സ.ഉ(സാധാ) 2729/2022/തസ്വഭവ. നമ്പർ ഉത്തരവ്.
2. ശ്രീ. കെ.എം. സൈനുദ്ദീൻ സർക്കാരിൽ സമർപ്പിച്ച 07.06.2023, 09.01.2024 തീയതികളിലെ അപേക്ഷകൾ (അനക്ഷർ എ4 & എ5 )
3. ശ്രീ. കെ.എം. സൈനുദ്ദീൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) No. 116/2024 നമ്പർ കേസിന്മേലുള്ള 29/01/2024 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.06.2024 തീയതിയിലെ LSGD/PD/20863/2024-DEA2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണവകുപ്പിൽ ക്ലീൻസിറ്റി മാനേജർ/ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും പരാമർശം 1 ഉത്തരവ് പ്രകാരം പ്രൊവിഷണൽ സെക്രട്ടറി തസ്തികയിൽ നിയമിച്ചിട്ടുള്ളതും, നിലവിൽ സുൽത്താൻ ബത്തേരി നഗരസഭയിൽ സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. കെ.എം. സൈനുദ്ദീൻ സമർപ്പിച്ച പരാമർശം 2 അപേക്ഷ (അനക്ഷർ എ4 & എ5) പ്രകാരം, തന്നെ നിലവിലെ തസ്തികയിൽ നിലനിർത്തണമെന്നും, Secretary, Local Self Government Institutions തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കണമെന്നും അപേക്ഷിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. സൈനുദ്ദീൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം) 116/2024 നമ്പർ കേസിന്മേലുള്ള 29/01/2024 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനക്ഷർ എ4, എ5 അപേക്ഷകൾ പരിശോധിച്ച്, ആയതിൽ ഉത്തരവ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. കെ.എം. സൈനുദ്ദീൻ സമർപ്പിച്ച പരാമർശം 2 അപേക്ഷയിലെ വാദങ്ങൾ പ്രകാരം, നിലവിൽ ഒഴിവുള്ള സീനിയർ സെക്രട്ടറി എൽ.എസ്.ജി.ഐ. തസ്തികയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ നഗരസഭ ജീവനക്കാരിൽ നിന്ന് എഴുത്ത് പരീക്ഷ, ഇന്റർവ്യൂ നടത്തി

അർഹരായ ജീവനക്കാരെ തിരഞ്ഞെടുത്ത് സംസ്ഥാന തലത്തിൽ 21 പ്രൊവിഷണൽ സെക്രട്ടറിമാരെ നിയമിച്ചതിൽ 18-ാം റാങ്കുകാരനായ തന്നെ സുൽത്താൻബത്തേരി നഗരസഭയിൽ സീനിയർ സെക്രട്ടറി എൽ.എസ്.ജി.ഐ-തസ്തികയിൽ പ്രൊവിഷണലായി നിയമിച്ചിട്ടുള്ളതും താൻ 17.11.2022 മുതൽ ടി നഗരസഭയിൽ പ്രൊവിഷണൽ സെക്രട്ടറിയായി ജോലി ചെയ്തു വരുന്നതുമാണ് എന്നും ക്ലീൻസിറ്റി മാനേജർ/ഹെൽത്ത് സൂപ്പർവൈസർ സംസ്ഥാന സീനിയോരിറ്റി ലിസ്റ്റിൽ തന്റെ സീനിയോരിറ്റി ക്രമ നമ്പർ 16 ആണ് എന്നും താൻ ഹെൽത്ത് ഇൻസ്പെക്ടർ യോഗ്യതയും കൂടാതെ എം.എ, എൽ.എൽ.ബി. യോഗ്യതയും വകുപ്പുതല പരീക്ഷയും പാസ്സായിട്ടുള്ളതാണ് എന്നും അറിയിക്കുന്നു. നഗരസഭ ഹെൽത്ത് സൂപ്പർവൈസറുടെ തസ്തിക പൊതു സർവ്വീസ് രൂപീകരിച്ചപ്പോൾ അപ്ഗ്രേഡ് ചെയ്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, സെക്രട്ടറി ഗ്രാമപഞ്ചായത്ത്, സീനിയർ സൂപ്രണ്ട്, റവന്യൂ ഓഫീസർ മുനിസിപ്പൽ കോമൺ സർവ്വീസ്, അക്കൗണ്ട്സ് ഓഫീസർ മുനിസിപ്പൽ കോമൺ സർവ്വീസ്, പേഴ്സണൽ അസിസ്റ്റന്റ് സെക്രട്ടറി ടു കൗൺസിൽ, മുനിസിപ്പൽ കോമൺ സർവ്വീസിനു സമാനമാക്കിയിട്ടുള്ളതും മേൽ തസ്തികകൾ പൊതു സർവ്വീസ് രൂപീകരിച്ചപ്പോൾ സെക്രട്ടറി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ളതാണ്. ടി ജീവനക്കാരുടെയും ക്ലീൻസിറ്റി മാനേജരുടെയും ശമ്പള സ്കെയിൽ 51400-110300 ആണ്. മേൽ ജീവനക്കാരുടെ പ്രമോഷൻ തസ്തികയാണ് സീനിയർ സെക്രട്ടറി എൽ.എസ്.ജി.ഐ. ടി തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കാൻ നിലവിൽ നഗരസഭ പ്രൊവിഷണൽ സെക്രട്ടറിയായി സുൽത്താൻബത്തേരി നഗരസഭയിൽ ജോലി ചെയ്തു വരുന്ന ക്ലീൻ സിറ്റി മാനേജരായ വകുപ്പുതല പരീക്ഷ പാസായിട്ടുള്ള തനിക്കും അർഹതയുള്ളതാണ് എന്നും അറിയിക്കുന്നു.

3. കൂടാതെ നഗരസഭ ക്ലീൻസിറ്റി മാനേജർ/ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ 18.06.2021 ൽ പ്രമോഷൻ ലഭിച്ചിട്ടുള്ളതായും ടിയാന്റെ റിട്ടയർമെന്റ് തീയതി 31.01.2033 ആണ് എന്നും നിലവിലെ സാഹചര്യത്തിൽ 12 വർഷം ഇതേ തസ്തികയിൽ ജോലി ചെയ്ത് വിരമിക്കേണ്ട അവസ്ഥയാണ് എന്നതിനാൽ അനോമലി പരിഹരിച്ച് നിലവിൽ സീനിയർ സെക്രട്ടറിയായി പ്രൊവിഷണലായി തുടരുന്ന തസ്തികയിൽ, തുടരാൻ അനുവദിക്കണമെന്നും തന്റെ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതുവരെ ഡിപ്പാർട്ടുമെന്റ്തല പ്രമോഷൻ മറ്റു ജീവനക്കാർക്ക് നൽകുമ്പോൾ അധിക യോഗ്യതയും 21 വർഷത്തോളം നഗരസഭയിൽ ജോലി ചെയ്ത പരിചയവും നിലവിൽ സീനിയർ സെക്രട്ടറിയായി ജോലി ചെയ്തു വരുന്ന പ്രവർത്തന പരിചയവും പരിഗണിച്ച് തന്നെ ടി തസ്തികയിൽ നിന്ന് ഒഴിവാക്കി മുൻ തസ്തികയായ ക്ലീൻസിറ്റി മാനേജർ/ഹെൽത്ത് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് മാറ്റരുതെന്നും അപേക്ഷിക്കുകയുണ്ടായി.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ State Service ന്റെ സ്പെഷ്യൽ റൂൾ പ്രകാരം Secretary , Local Self Government Institutions തസ്തിക Group I General Wing Category 5 (b ) യിലും Clean City Manager (Corporation/ Municipality) തസ്തിക Group II Public Health and Management Wing Category 10 ലും ഉൾപ്പെടുന്നതാണ്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ പുതിയ സ്പെഷ്യൽ റൂളിൽ Secretary, Local Self Government Institutions തസ്തികയിലേക്ക് 40% നേരിട്ടുള്ള നിയമനം വഴിയും ബാക്കിയുള്ളവ By transfer from Category 1(a), Group I of LSGD Subordinate Service പ്രൊമോഷൻ വഴിയും നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ക്ലീൻസിറ്റി മാനേജർ (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) തസ്തിക എന്നത് Local Self Government Department Subordinate Service ലെ Group II Public Health and Management Wing Category 1 ൽ ഉൾപ്പെടുന്ന Senior Public Health Inspector Grade I

തസ്തികയിലെ യോഗ്യരായ ജീവനക്കാരിൽ നിന്നുള്ള സ്ഥാനക്കയറ്റ തസ്തികയാണ്. Group II Public Health and Management വിഭാഗത്തിൽ ഉൾപ്പെടുന്ന ക്ലീൻസിറ്റി മാനേജർ (മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) തസ്തിക പഴയ സ്പെഷ്യൽ റൂൾ പ്രകാരമോ പുതിയ സ്പെഷ്യൽ റൂൾ പ്രകാരമോ Group I ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന Secretary, Local Self Government Institutions തസ്തികയുടെ ഫീഡർ തസ്തിക അല്ലാത്തതാണ്.

5. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ Special rule ചട്ടം 3 ൽ ഖണ്ഡിക 5(vi), rule 12(1), (2)പ്രകാരം ഏകീകരണത്തിന് മുമ്പുണ്ടായിരുന്ന വകുപ്പുകളിൽ സേവനമനുഷ്ഠിച്ചിരുന്ന എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടേയും, സീനിയോരിറ്റി സംരക്ഷിക്കപ്പെടുമെന്നും, 1958 ലെ KSSR Part II rule 27 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി Promotion & By Transfer appointment എന്നിവയ്ക്ക് കണക്കാക്കുമെന്നും, Integrated വകുപ്പ് രൂപീകൃതമാകുന്നതിനു മുമ്പുള്ള പഴയ വ്യവസ്ഥകൾ പ്രകാരമുള്ള അവകാശങ്ങൾക്ക് അർഹതയുണ്ടാകുമെന്നും വ്യക്തമായി പരാമർശിക്കുന്നുണ്ട്.

(Rule 12 : Special Provision - Special Provision for the employees who had been working under the Panchayat Department, Urban Affairs Department, Municipal Common Service, Rural Development Department, Town and Country Planning Department, the Local Self Government Engineering Service and Extension Training Centres before the commencement of these Rules.

(1) The seniority of every category of officers who had been in service in the Panchayat Department, Urban Affairs Department, Municipal Common Service, Rural Development Department, Town and Country Planning Department and Local Self Government Engineering Service immediately before the date of commencement of these rules shall be protected and continued to be reckoned for promotion subject to the provisions laid down in Rule 27 Part II of the Kerala State and Subordinate Services Rules, 1958.

(2) Subject to the provisions in sub-rule (1) above, every officer shall be entitled to the same rights as to seniority, promotion and by transfer appointment to State Service as would have been available to him before the commencement of these Rules had the integrated service, namely the Local Self Government Department Service not been constituted." )

6. ഏകീകരണത്തിനു മുൻപ് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂളിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ പ്രൊമോഷൻ മുഖേനയുള്ള നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനവും, മുൻ നഗരകാര്യ വകുപ്പിലേയും മുനിസിപ്പൽ കോമൺ സർവ്വീസിലേയും യോഗ്യരായ ജീവനക്കാരിൽ നിന്നുള്ള By Transfer recruitment നിയമനവുമായിരുന്നു നടത്തിയിരുന്നത്. പുതിയ സ്പെഷ്യൽ റൂൾ പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III എന്നത് സീനിയർ സെക്രട്ടറി Local Self Government Institutions വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിഭാഗത്തിൽ സ്പെഷ്യൽ റൂൾ പ്രകാരം Direct Recruitment അനുവദിച്ചിട്ടില്ലാത്തതും, ആകെയുള്ള സെക്രട്ടറി Local Self Government Institutions തസ്തികയുടെ 1:3 അനുപാതത്തിൽ സീനിയർ സെക്രട്ടറി തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനുമാണ് നിഷ്കർഷിച്ചിട്ടുള്ളത്.

7. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ പുതിയ സ്പെഷ്യൽ റൂൾ പ്രകാരം സെക്രട്ടറി

Local Self Government Institutions തസ്തികയിലേക്കാണ് പി.എസ്.സി മുഖേന 40% Direct Recruitment നിയമനം അനുവദിക്കുന്നതിനാണ് പരാമർശിച്ചിരിക്കുന്നത്. നിലവിലെ പുതിയ റൂൾ പ്രകാരം ടി തസ്തികയിലേക്ക് By Transfer recruitment നിയമനം വ്യവസ്ഥ ചെയ്യുന്നില്ല. ടി സാഹചര്യത്തിൽ Group II Public Health and Management വിഭാഗത്തിൽ ഉൾപ്പെടുന്ന ക്ലീൻസിറ്റി മാനേജർ (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) തസ്തിക പഴയ സ്പെഷ്യൽ റൂൾ പ്രകാരമോ പുതിയ സ്പെഷ്യൽ റൂൾ പ്രകാരമോ Group I ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന Secretary, Local Self Government Institutions തസ്തികയുടെ ഫീഡർ തസ്തിക അല്ലാത്തതിനാലും, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂളിലെ ചട്ടം 3 ൽ ഖണ്ഡിക 5(vi), rule 12(1), (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ കാറ്റഗറിയിലെയും ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുൻപ് അതാത് വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന സീനിയോരിറ്റി, അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ക്ലീൻസിറ്റിമാനേജർ (മുനിസിപ്പാലിറ്റി കോർപ്പറേഷൻ) തസ്തികയിൽ ഉൾപ്പെട്ടുവരുന്ന ജീവനക്കാരെ Secretary, Local Self Government Institutions തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് പരിഗണിക്കേണ്ടതായി കാണുന്നില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

8. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരവും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ക്ലീൻസിറ്റി മാനേജർ/ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ നിന്നും പ്രൊവിഷണൽ സെക്രട്ടറി തസ്തികയിൽ നിയമിച്ചിട്ടുള്ള ശ്രീ. കെ.എം. സൈനുദ്ദീനെ, Secretary, Local Self Government Institutions തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കണമെന്ന അപേക്ഷ പരിഗണനാർഹമല്ലായെന്നു കാണുകയുണ്ടായി. മേൽ സാഹചര്യത്തിൽ ശ്രീ. കെ.എം. സൈനുദ്ദീന്റെ അനക്ഷർ എ4&എ5 അപ്പീൽ അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണനാർഹമല്ലായെന്ന് കണ്ട് ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

9. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) 116/2024 നമ്പർ കേസിന്മേലുള്ള 29/01/2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ. കെ.എം. സൈനുദ്ദീൻ(ക്ലീൻസിറ്റി മാനേജർ/ഹെൽത്ത് സൂപ്പർവൈസർ), പ്രൊവിഷണൽ സെക്രട്ടറി സുൽത്താൻ ബത്തേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-07-2024 16:23:22
സെക്ഷൻ ഓഫീസർ